പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1150 30.01.2018-ൽ മറുപടിക്ക്

## കണ്ണങ്ങാട് - വെല്ലിങ്ടൺ ഐലന്റ് പാലത്തിന്റെ അപ്രോച്ച് റോഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ കണ്ണങ്ങാട് - വെല്ലിങ്ടൺ ഐലന്റ് പാലത്തിന്റെ അപ്രോച്ച് റോഡിനായി സ്ഥലം വിട്ടു നൽകിയവർക്ക് അർഹമായ നഷ്ടപരിഹാര തുക അനുവദിച്ച് നൽകുന്നതിലെ കാലതാമസത്തിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ; | (എ) കണ്ണങ്ങാട് - വെല്ലിങ്ടൺ ഐലന്റ് പാലത്തിന്റെ നിർമ്മാണത്തിനായി ആദ്യം തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി ഒരു കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. എന്നാൽ പാലവും അപ്രോച്ച് റോഡും കൃത്യമായി നിർമ്മിക്കുന്നതിന് 31.32 Are സ്ഥലവും കൂടെ കൂടുതലായി എടുക്കേണ്ടി വന്നതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരമായി 2.83 കോടി രൂപ ആവശ്യമായി വരുകയും അതനുസരിച്ചുള്ള തുകയ്ക്ക് 31.03.2017-ലെ G.O(Rt)No. 1546/2017/RD പ്രകാരം SLEC അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ആദ്യം ഭരണാനുമതി നൽകിയതിൽ സ്ഥലമേറ്റെടുക്കുന്നതിനായി ഒരു കോടി വകയിരുത്തിയിട്ടുള്ളതിനാൽ 2.83 കോടി അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമായി വരുകയും അതനുസരിച്ച് കണ്ണങ്ങാട് - വെല്ലിങ്ടൺ പാലത്തിന്റെ നിർമ്മാണത്തിന് സ്ഥലം വിട്ടു നൽകിയവർക്ക് നൽകേണ്ട 2.83 കോടി രൂപ ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റ് 16.01.2018-ന് സർക്കാരിൽ പരിഗണനയ്ക്കായി ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| ബി). നഷ്ടപരിഹാര തുക എന്നത്തേക്ക് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി). പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പുതുക്കിയ ഭരണാനുമതി നൽകി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

| | |
|---|---|
| (സി). ഇത സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലെ 143/D1/2017/PWD നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (സി) എറണാകുളം ജില്ലയിലെ കണ്ണങ്ങാട് - വെല്ലിങ്ടൺ ഐലന്റ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലെ PWD-143/D1/2017-PWD നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>പ്രസ്തുത പ്രവൃത്തിയ്ക്ക് ആദ്യം ഭരണാനുമതി നൽകിയതിൽ സ്ഥലമേറ്റെടുക്കുന്നതിനായി ഒരു കോടി വകയിരുത്തിയിട്ടുള്ളതിനാൽ 2.83 കോടി അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമായി വരുകയും അതനുസരിച്ച് കണ്ണങ്ങാട് - വെല്ലിങ്ടൺ പാലത്തിന്റെ നിർമ്മാണത്തിന് സ്ഥലം വിട്ടു നൽകിയവർക്ക് നൽകേണ്ട 2.83 കോടി രൂപ ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റ് 16.01.2018-ന് സർക്കാരിൽ പരിഗണനയ്ക്കായി ലഭ്യമായിട്ടുണ്ട്. തുടർന്ന് പ്രോപ്പോസലിന്മേലുള്ള വിശദമായ പരിശോധനയുടെ ഭാഗമായി ഫയൽ ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. |

S. Bindu

സെക്ഷൻ ഓഫീസർ